I/529370/2023

ഭരണഭാഷ - മാതൃഭാഷ

നം : ടി.ബി.ഒ/185/2023 - എ1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
(പാഠപുസ്തക വിഭാഗം), പത്മവിലാസം റോഡ്,
ഫോർട്ട് പി.ഒ, തിരുവനന്തപുരം-23,
തീയതി : 29-11-2023
ഇ-മെയിൽ : tbo.dge@kerala.gov.in

പ്രേഷകൻ

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,**
**എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - പാഠപുസ്തക വിഭാഗം - 2024-25 – അദ്ധ്യയന വർഷത്തെ പാഠപുസ്തക ഇൻഡന്റ് യഥാസമയം രേഖപ്പെടുത്തുവാൻ കഴിയാത്ത സ്കൂളുകൾക്ക് ഒരു അവസരംകൂടി അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :-
1. 13-11-2022 തീയതിയിലെ നം. എ1/185/2023/ടി.ബി.ഒ പ്രകാരമുള്ള സർക്കുലർ
2. 28-11-2023 തീയതിയിൽ വിവിധ സ്കൂളുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ
3. TBMS സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച റിപ്പോർട്ട്.

******************

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2024-25 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഓൺലൈനായി ഇൻഡന്റ് രേഖപ്പെടുത്തുന്നതിന് 17-11-2023 മുതൽ 27-11-2023 വരെ സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സമയ പരിധി അവസാനിച്ച ശേഷവും 3421 സ്കൂളുകൾ ഇൻഡന്റ് രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ കരിക്കുലം മാറ്റം വരുത്തിയ ഒന്നാം ക്ലാസ്സിലെ ടൈറ്റിലുകൾക്ക് ആനുപാതികമായുള്ള ആക്ടിവിറ്റി ബുക്കുകളും 5, 7, 9 ക്ലാസ്സുകളിൽ പുതിയതായി ഉൾപ്പെടുത്തിയ Art Education, Work Integrated Education എന്നീ ആക്ടിവിറ്റി ബുക്കുകളും ഇൻഡന്റ് രേഖപ്പെടുത്തിയതായി കാണുന്നില്ല. സമയപരിധിക്കുള്ളിൽ ഇൻഡന്റ് രേഖപ്പെടുത്താൻ കഴിയാത്തതിനാൽ ഒരു അവസരം കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സ്കൂളുകളിൽ നിന്നും സൂചന (2) പ്രകാരം അപേക്ഷകളും ലഭിച്ചിട്ടുണ്ട് ടി സാഹചര്യത്തിൽ യഥാസമയം ഇൻഡന്റ് രേഖപ്പെടുത്താത്ത സ്കൂളുകൾക്കും പുതുക്കിയ കരിക്കുലം പ്രകാരം ഉൾപ്പെടുത്തിയ ആക്ടിവിറ്റി ബുക്കുകൾ രേഖപ്പെടുത്താത്ത **സ്കൂളുകൾക്കും 30-11-2023 മുതൽ 02-12-2023 വരെയുള്ള 3 ദിവസങ്ങൾ കൂടി ഇൻഡന്റ് രേഖപ്പെടുത്തുവാൻ അധിക സമയം അനുവദിക്കുന്നു.** മേൽ സാഹചര്യത്തിൽ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകേണ്ടതും തങ്ങളുടെ പരിധിയിലുള്ള ഒരു സ്കൂളുകളും ഇൻഡന്റ് രേഖപ്പെടുത്താൻ ശേഷിക്കുന്നില്ല എന്ന വിവരം ഉറപ്പുവരുത്തേണ്ടതുമാണ്. അധിക സമയം അനുവദിച്ചതിന് ശേഷവും ഇൻഡന്റ് രേഖപ്പെടുത്താത്ത സ്കൂളുകൾ ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ പേര്, ഫോൺ നമ്പർ ഉൾപ്പടെ ഇതോടൊപ്പം നൽകുന്ന മാതൃകയിൽ 03-12-2023 തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി

I/529370/2023

tbo.dge@kerala.gov.in ഇ മെയിൽ മുഖേന ലഭ്യമാക്കേണ്ടതാണ്.

Signed by വിശ്വസ്തതയോടെ,
Shanavas S Ias
Date: 29-11-2023 17:14:06
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

ഉള്ളടക്കം - 1. ഇൻഡന്റ് രേഖപ്പെടുത്താത്ത സ്കൂളുകളുടെ വിവരങ്ങൾ നൽകേണ്ട മാതൃക.

2. സ്റ്റേറ്റ് വൈസ് ഇൻഡന്റിംഗ് സ്റ്റാറ്റസ്

3. ഇൻഡന്റ് രേഖപ്പെടുത്താത്ത സ്കൂളുകളുടെ ലിസ്റ്റ്

പകർപ്പ് - 1. എല്ലാ പ്രധാനാധ്യപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന )